LIBRARY ARCHIVES Kerala Legislative Assembly

തോതിലും നാശനഷ്ടം സംഭവിക്കുകയും ഒരു കോഴിഫാം പൂർണ്ണമായും തകരുകയും വൻതോതിലുള്ള കൃഷിനാശം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. വടാട്ടുപാറ ഭാഗത്ത് സെന്റ് മേരീസ് കത്തോലിക്കാ പള്ളിയുടെ മുകളിൽ സമീപമുള്ള മാവ് ചരിഞ്ഞുവീഴുകയും പള്ളിക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. പ്രദേശത്തെ കാർഷികവിളകൾക്ക് ഉദ്ദേശം 7,62,000 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ജില്ലയ്ക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും ഈ സാമ്പത്തിക വർഷം 13 കോടി 13 ലക്ഷം രൂപ അനുവദിച്ചു കൊടുത്തിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്ക് സംസ്ഥാനത്തെ ദുരന്ത പ്രതികരണനിധി മാനദണ്ഡങ്ങൾ അനുസരിച്ചുള്ള അർഹമായ ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിച്ചു വരികയാണ്.

(26) റോഡിന് സ്ഥലം ഏറ്റെടുക്കൽ

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, കൊടുവള്ളി മണ്ഡലത്തിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ടൗണിലൊന്നുമാണ് നരിക്കുനി. പടനിലം നന്മണ്ട റോഡും, കുന്നുര് കുമാരസ്വാമി റോഡും, കാപ്പാട് തുഷാരഗിരി സ്റ്റേറ്റ് ഹൈവേയും ഈ ടൗണിലൂടെയാണ് കടന്നുപോകുന്നത്. ബി.എം. ആന്റ് ബി.സി. നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയ ഈ റോഡിലൂടെ ധാരാളം വാഹനങ്ങൾ കടന്നുപോകുന്നുണ്ട്. നരിക്കുനി ടൗൺ പലപ്പോഴും മണിക്കൂറുകളോളം ഗതാഗതക്കുരുക്കുമൂലം സ്തംഭിക്കാറുണ്ട്. വളരെ രൂക്ഷമായ ഗതാഗതപ്രശ്നം മനസ്സിലാക്കി ഇവിടെ റിംഗ് റോഡ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുകയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഊരാളുങ്കൽ സൊസൈറ്റി സ്ഥലം സന്ദർശിച്ച് സർവ്വേ നടത്തി മാർക്ക് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി എവിടെയും എത്തിയിട്ടില്ല. കേന്ദ്രഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള പുതിയ നിയമം നിലവിൽ വരുന്നതിനുമുൻപ് തന്നെ ഏറ്റെടുക്കുന്ന ഭൂമിക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഇവിടെ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള നിയമം അനുസരിച്ച് സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്തിന് കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, കോഴിക്കോട് ജില്ലയിലെ നരിക്കുനി ബൈപ്പാസ് റോഡിനുവേണ്ടി 1.853 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് അർത്ഥാധികാരിയായ പൊതുമരാമത്ത് വകുപ്പ് 28-6-2013-ൽ

LIBRARY ARCHIVES Kerala Legislative Assembly

അർത്ഥന നൽകിയിട്ടുണ്ട്. 7-9-2013-ൽ അർത്ഥാധികാരിയും റവന്യൂ ഉദ്യോഗസ്ഥരും സംയുക്ത സ്ഥല പരിശോധന നടത്തുകയും 30-1-2013-ൽ അലൈൻമെന്റ് സ്റ്റോൺ സ്ഥാപിക്കുന്നതിന് അർത്ഥാധികാരിക്ക് കത്ത് നൽകുകയും ചെയ്തു. 28-3-2014-ൽ അർത്ഥാധികാരി അലൈൻമെന്റ് സ്റ്റോൺ സ്ഥപിച്ചതായി അറിയിച്ചിട്ടുണ്ട്. 1-1-2014 മുതൽ പുതിയ ലാൻഡ് അക്വിസിഷൻ ആക്ട് നിലവിൽ വന്നതിനാൽ മേൽപ്പടി ആക്ടിലെ ചട്ടങ്ങൾ രൂപീകരിച്ചതിനുശേഷം മാത്രമേ സ്ഥലമെടുപ്പു നടപടികൾ തുടങ്ങുവാൻ നിർവ്വാഹമുള്ളൂ. ബഹുമാനപ്പെട്ട അംഗം ഇത് നേരത്തെതന്നെ ആരംഭിച്ചിരുന്ന ജോലികളാണെന്ന് ഇവിടെ പ്രത്യേകം എടുത്തു പറയുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ എത്രയുംവേഗം കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുമോയെന്നതിനെക്കുറിച്ച് തീർച്ചയായും പരിശോധിക്കുന്നതാണ്.

(27) ഭൂനികുതി സ്വീകരിക്കൽ

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ആയിരത്തോളം കുടുംബങ്ങൾ നേരിടുന്ന ഭൂപ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ആലപ്പടമ്പ് വില്ലേജിൽ വെളിച്ചംതോട്, കൂട്ടപ്പുന്ന, കരിയാത്ത് പ്രദേശങ്ങളിൽ 152-ഓളം കുടുംബങ്ങളിൽ നിന്ന് 1994-95-നു ശേഷം ഭൂനികുതി സ്വീകരിക്കുന്നില്ല. പെരിങ്ങം വില്ലേജിൽ മടക്കാംപൊയ്യയിൽ ചിലക്, വണ്ണാരപൊയിൽ, കരിന്തടം, കുറപ്പൊയിൽ, കാട്ടോൾ, അരവിഞ്ചാൽ എന്നിവിടങ്ങളിലെ 60-ൽപ്പരം കൈവശക്കാരിൽ നിന്ന് 1996-മുതൽ നികുതി സ്വീകരിക്കുന്നില്ല. എരമം വില്ലേജിൽ, എരമം പുല്ലുപാറ കണ്ണാപ്പള്ളിപ്പായിൽ പ്രദേശങ്ങളിൽ രേഖപ്രകാരം കൈവശംവച്ചുവരുന്ന 200-ഓളം കുടുംബങ്ങളിൽ നിന്ന് 1997-നുശേഷം ഭൂനികുതി സ്വീകരിക്കുന്നില്ല. വെള്ളോറ വില്ലേജിൽ കൈവശഭൂമിക്ക് രേഖയും പട്ടയവുമുള്ള നിരവധി കുടുംബങ്ങളിൽ നിന്ന് 1984-നു ശേഷം നികുതി സ്വീകരിക്കുന്നില്ല. ആലപ്പടമ്പ് വില്ലേജിൽ വെളിച്ചന്തോട്, കരക്കാട്ട്, കൂട്ടപ്പുന്ന പ്രദേശങ്ങളിൽ 85-ഓളം കുടുംബങ്ങൾ 37 വർഷമായി ഭൂമി കൈവശം വച്ച് വരുന്നവരാണ്. 1995-ൽ 50 സെന്റ് വീതം പ്ലോട്ട് തിരിച്ച് ഇതിൽ 52 പേർക്ക് കൊടുക്കുമെന്നു പറഞ്ഞിരുന്നുവെങ്കിലും ഇവർക്ക് ആർക്കും പട്ടയം ലഭിച്ചിട്ടില്ല. പെരിങ്ങം വില്ലേജിൽ 6 മാസത്തിലധികമായി താമസിക്കുന്ന 40-ൽപ്പരം കുടുംബങ്ങൾക്ക് കൈവശരേഖ ലഭിച്ചിട്ടില്ല. അതുപോലെ പെരിങ്ങം വില്ലേജിൽ ആറാട്ടുകടവ് പ്രദേശത്ത് 50 വർഷത്തിലധികമായി താമസിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള 33 കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ല. ഇവർ കർണ്ണാടക